Draft #1 of File 49605/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Oct-2020 09:58 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും 2020-21അക്കാദമിക വർഷത്തെ ബിരുദാനന്തര ബിരുദ പ്രവേശനം- പ്രവേശന പരീക്ഷയുടെ ഭാഗമായ ഇൻറ്റർവ്യൂ നടത്തുന്നതുമായി ബന്ധപ്പെട്ടും ഓൾ ഇൻഡ്യ ക്വാട്ടയിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ടുമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു: വൈസ് ചാൻസലർ വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4465/AC B 7/2020/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 04.10.2020

---

*പരാമർശം:-*(1) സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും ബിരുദാനന്തര ബിരുദ പ്രവേശനം സംബന്ധിച്ച് ഇൻറ്റർവ്യൂ നടത്തുന്നതുമായി ബന്ധപ്പെട്ടും ഓൾ ഇൻഡ്യ ക്വാട്ടയിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ടുമുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 1.10.2020, 04.00 പി.എം ന് ബഹു: വൈസ് ചാൻസലർ വിളിച്ചു ചേർത്ത യോഗം

2 )സർവകലാശാലയുടെ പഠന വകുപ്പുകളിലെപി ജി പ്രോഗ്രാമുകളിൽ 2020 വർഷത്തെ

പ്രവേശനത്തിന് കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇന്റർവ്യൂ നടത്തണമോ എന്നതിൽ പഠനവകുപ്പുകളുടെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ബഹു. വൈസ് ചാൻസിലർ30 / 9 / 2020 തീയതിയിൽ നൽകിയ കുറിപ്പും അതിന് പഠന വകുപ്പുകളിൽനിന്ന് ലഭിച്ച മറുപടികളും .

<u>**ഉത്തരവ്**</u>

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും 2020-21 അക്കാദമിക വർഷത്തെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് കോവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എൻടൻസ് പരീക്ഷയുടെ ഭാഗമായുള്ള ഇൻറ്റർവ്യൂ നടത്തണമോ എന്നതിൽ പഠന വകുപ്പുകളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങളും പി ജി പ്രോഗ്രാമുകളിലെ ഓപ്പൺ ഓൾ ഇൻഡ്യ ക്വാട്ടയിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളും ചർച്ച ചെയ്യുന്നതിനായി 1.10.2020, 04.00 പി.എം ന് ബഹു: വൈസ് ചാൻസലർ വൈസ് ചാൻസിലറുടെ കോൺഫറൻസ് ഹാളിൽ വിളിച്ചു ചേർത്ത യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു:

1) സർവ്വകലാശാലയിലെ പഠന വകുപ്പുകളായ സ്കൂൾ ഓഫ് ലെറ്റേഴ്സ്, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെൻറ്റ് സ്റ്റഡീസ് എന്നിവിടങ്ങളിലെ പി.ജി പ്രോഗ്രാമുകളിലേക്കുള്ള

പ്രവേശനത്തിനും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ എം.എ സോഷ്യൽ വർക്ക് ഇൻ ഡിസബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ എന്ന പ്രോഗ്രാമിനും ഒബ്ജക്റ്റീവ് രീതിയിലുള്ള എൻട്രൻസ് പരീക്ഷയ്ക്ക് ശേഷം ഇൻറ്റർവ്യൂ നടത്തി അതിലെ മാർക്കും ചേർത്ത് പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്നതുപ്രകാരം അന്തിമ റാങ്ക് പട്ടിക തയ്യാറാക്കി പ്രവേശനം നടത്തുവാനും, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിലെ എം.പി.ഇ.എസ് പ്രോഗ്രാമിന് എൻട്രൻസ് പരീക്ഷയിലെ മാർക്കിനൊപ്പം Sports Achievements സർട്ടിഫിക്കറ്റുകൾക്ക് വെയ്റ്റേജ് മാർക്ക് നൽകി അന്തിമ റാങ്ക് പട്ടിക തയ്യാറാക്കി പ്രവേശനം നടത്തുവാനും ശിപാർശ ചെയ്തു.

2) എല്ലാ പഠന വകുപ്പുകളിലെയും ഓപ്പൺ ഓൾ ഇൻഡ്യ ക്വാട്ടയിലേയ്ക്കുമുള്ള പ്രവേശനം യോഗ്യതാ പരീക്ഷയിൽ നേടിയ മാർക്കിൻറെ അടിസ്ഥാനത്തിൽ നടത്തുന്നതിന് അപേക്ഷകരിൽ നിന്നും യോഗ്യതാ പരീക്ഷയുടെ മാർക്കും മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കൻറെ പകർപ്പുകൾ എന്നിവ സമർപ്പിക്കുന്നതിന് ആവശ്യപ്പെടുവാനും ശിപാർശ ചെയ്തു.

3) മേൽ സൂചിപ്പിച്ചവയൊഴികെയുള്ള മറ്റ് പഠന വകുപ്പുകളിലേയും ഇന്റർ സ്കൂൾ സെന്ററിലേയും ഈ വർഷത്തെ പി ജി പ്രവേശനം എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിൽ നിയമാനുസ്രുതമുള്ള വെയിറ്റേജ് / ബോണസ് മാർക്കുകൾ കൂടി ചേർത്ത് തയ്യാറാക്കുന്ന റാങ്കിലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതിനും ശിപർശ ചെയ്തു .

മേൽ ശിപാർശ ബഹു: വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

പകർപ്പ്

(1 ) എല്ലാ പഠന വകുപ്പ്/ഇൻറ്റർ സ്കൂൾ സെൻറ്റർ മേധാവിമാർക്ക്.

(2) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(3 ) രജിസ്ട്രാറുടെ പി.എ

(4) CAT മോണിറ്ററിംഗ് സമിതി അംഗങ്ങൾക്ക്

(5 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(6 ) എ.ആർ 4 (അക്കാദമിക് )

Draft #1 of File 49605/AC B 7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Oct-2020 09:58 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

(7 ) പി.ആർ.ഒ, കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

Draft #1 of File 49605/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Oct-2020 09:58 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം